# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം<br>നം. 549 | 29.6.2011-ൽ മറുപടിക്ക് |
|---|---|

## തിരുവനന്തപുരം ജനറൽ ആശുപത്രി-പേരൂർക്കട ആശുപത്രി എന്നിവിടങ്ങളിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ | അഡ്വ. അടൂർ പ്രകാശ്<br>(ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രി) |
| എ) തിരുവനന്തപുരം ജനറൽ ആശുപത്രി, പേരൂർക്കട സർക്കാർ ആശുപത്രി എന്നിവിടങ്ങളിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; | എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പഴയ കെട്ടിടങ്ങൾ പുതുക്കി പണിതു വരുന്നു. കൂടാതെ കാഷ്വാലിറ്റി, ട്രോമകെയർ യൂണിറ്റ്, ബ്ലഡ് ബാങ്ക്, ലാബ് എന്നിവയ്ക്ക് അത്യാധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി. ലാബ്, ബ്ലഡ് ബാങ്ക് എന്നിവ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. ഒ.പി. കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടി പുരോഗമിക്കുന്നു. ആശുപത്രിയിൽ 7 ഓപ്പറേഷൻ തീയറ്ററുകളോട് കൂടിയ 5 നില കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. എ.സി, ലിഫ്റ്റ് മുതലായവയുടെ പണി പുരോഗമിച്ചു വരുന്നു. ഇവ കൂടാതെ ആശുപത്രിയിലെ 9-ാം വാർഡിന്റെ പുതുക്കിപ്പണികൾ പൂർത്തിയാകാറായി. ജനറൽ ആശുപത്രിയിലെ ജെറിയാട്രിക് വാർഡിന് മുകളിൽ ഒരു നില കൂടി പണി പൂർത്തീകരിച്ചു വരുന്നു.<br>ജില്ലാ മാതൃകാശുപത്രിയായി ഉയർത്തിയ പേരൂർക്കട സർക്കാർ ആശുപത്രിയിലെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീ.തെന്നല ബാലകൃഷ്ണപിള്ള അവർകളുടെ ഫണ്ടിൽനിന്നും ലഭ്യമായ 25 ലക്ഷം രൂപ വിനിയോഗിച്ച് ആശുപത്രിയിലെ കാഷ്വാലിറ്റി ബ്ലോക്കിനു മുകളിലായി കുട്ടികളുടെ ഒരു വാർഡിന്റെ പണി |

| | |
|---|---|
| | പൂർത്തീകരിച്ചു വരുന്നു. കൂടാതെ, ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 10 കോടിയുടെ ഒരു മാസ്റ്റർ പ്ലാൻ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രകാരമുള്ള ആശുപത്രി കെട്ടിടത്തിന്റെ പണി ആരംഭിച്ചു കഴിഞ്ഞു. |
| ബി) ഇവിടങ്ങളിൽ നടപ്പിലാക്കാനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; | ബി) തിരുവനന്തപുരം നഗരസഭയ്ക്ക് കൈമാറപ്പെട്ട പേരൂർക്കട മാതൃകാശുപത്രിയിൽ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തുന്നതിനും ശുദ്ധജല സംവിധാനം ക്രമീകരിക്കുന്നതിനുമായി പ്രൊപ്പോസൽ നൽകിയിരുന്നു. ആയതു പ്രകാരം തിരുവനന്തപുരം നഗരസഭ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രിക്ക് ആവശ്യമായ ഫർണിച്ചറുകൾ, മറ്റ് ആശുപത്രി ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ചില ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| സി) പേരൂർക്കട സർക്കാർ ആശുപത്രി, ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന് തടസ്സം നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ് ? | സി) പേരൂർക്കട സർക്കാർ ആശുപത്രി, ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന് തടസ്സം നിൽക്കുന്ന ഘടകങ്ങൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 30.12.2008-ലെ സർക്കാർ ഉത്തരവ് (എം.എസ്)817/08/ആകുവ പ്രകാരം പേരൂർക്കട ഗവ: ആശുപത്രിയെ ജില്ലാ മാതൃകാശുപത്രിയായി ഉയർത്തിയിട്ടുണ്ട്. ആയതിൻ പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് 10 കോടി രൂപയുടെ ഒരു മാസ്റ്റർ പ്ലാൻ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ